# വൈക്കംറോഡിൽ ദീർഘദൂര തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യം



നവീകരിച്ച വൈക്കംറോഡ് റെയിൽവേ സ്റ്റേഷൻ

**കടുത്തുരുത്തി:** യാത്രക്കാർക്ക് ഏറെ പ്രയോജനപ്പെടുന്ന വൈക്കംറോഡ് റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശക്തമാകുന്നു. ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ സുപ്രീം കോടതി ജഡ്ജിയായ കാലഘട്ടത്തിൽ വൈക്കംറോഡിൽ കേരളാ എക്സ്പ്രസ്സിന് സ്റ്റോപ്പ് അനുവദിച്ചതാണ് ദീർഘദൂര യാത്രക്കാർക്ക് കുറച്ചെങ്കിലും ആശ്വാസമായത്.

റെയിൽവേയുടെ പാതയിരട്ടിപ്പിക്കലിന്റെ ഭാഗമായി വൈക്കംറോഡ് റെയിൽവേ സ്റ്റേഷൻ ആധുനിക രീതിയിൽ നവീകരിച്ചെങ്കിലും ദീർഘദൂര ട്രെയിനുകളുടെ സ്റ്റോപ്പെന്ന സ്വപ്നം യാത്രക്കാർക്ക് ഇനിയും അകലെയാണ്. പിറവം, കടുത്തുരുത്തി, തലയോലപ്പറമ്പ്, വൈക്കം, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പാലാ, കല്ലറ, കുറുപ്പന്തറ, കുറവിലങ്ങാട്, ഉഴവൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ളവരാണ് കൂടുതലും ദീർഘദൂര യാത്രക്കാർ. ഏറ്റവും കൂടുതൽ നഴ്സിങ് പഠനത്തിനും അന്യസംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനും പോകുന്നതും വരുന്നതും ഈ പ്രദേശങ്ങളിൽ നിന്നുള്ളവരാണ്.

ഇവിടെനിന്നു പോകുന്ന ട്രെയിൻയാത്രക്കാർ ഏറെയും അശ്രയിക്കുന്നത് കോട്ടയം, എറണാകുളം റെയിൽവേ സ്റ്റേഷനുകളെയാണ്.

കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നതും സമയത്ത് എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നവരുമാണ് ഇവരിൽ ഏറെയും. നിരവധി തീർഥാടന കേന്ദ്രങ്ങളിലേക്കു പോകുന്നതിന് ഇതര സ്റ്റേഷനുകളെ അപേക്ഷിച്ച് വാഹന ഗതാഗതം ഏറെയുള്ള സൗകര്യപ്രദമായ സ്റ്റേഷനാണിത്.

റെയിൽവേ സ്റ്റേഷനോടു ചേർന്ന് കോട്ടയം-എറണാകുളം പ്രധാന റോഡുള്ളത്, ഇവിടെനിന്നും ഏതു പ്രദേശത്തേക്ക് പോകുന്നതിനുമുള്ള വാഹന സൗകര്യങ്ങൾ ഇവയെല്ലാം വൈക്കംറോഡിന്റെ പ്രത്യേകതകളാണ്. ആപ്പാഞ്ചിറ കുമരകം ഇക്കോ-ടൂറിസം പദ്ധതി നടപ്പാകുന്നതോടുകൂടി ടൂറിസം രംഗത്തെ സാധ്യതകളും കൂടുതൽ ട്രെയിനുകളുടെ സ്റ്റോപ്പെന്ന ആവശ്യവും വർധിക്കും.